## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യംനമ്പർ - 4686**

**23/07/2015 ൽ**
**മറുപടിയ്ക്ക്**

## പരമ്പരാഗത ഗ്രാമവ്യവസായങ്ങൾ

**ചോദ്യം**
**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

(എ) പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(എ) പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന മന്ത്രിയുടെ പ്രത്യേക തൊഴിൽദായക പദ്ധതി (PMEGP), എന്റെ ഗ്രാമം എന്നിങ്ങനെ രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. പരമ്പരാഗത വ്യവസായങ്ങളായ തേനീച്ച വളർത്തൽ, മൺപാത്ര നിർമ്മാണം, നെയ്ത്ത്, കൊത്തുപണി തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി വളരെ ഫലപ്രദമായ പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി 2012 ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രധാന മന്ത്രിയുടെ പ്രത്യേക തൊഴിൽദായക പദ്ധതി പ്രകാരം ഇതുവരെ 46.62 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അന്യംനിന്നു പോയ ഗ്രാമ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി ഈ വ്യവസായങ്ങൾക്ക് സർക്കാർ പുനരുദ്ധാരണ ഗ്രാന്റ് നൽകി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഗ്രാമ വ്യവസായങ്ങൾക്കാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതെന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്നും വിശദമാക്കാമോ ; | (ബി) | (ആനുകൂല്യങ്ങൾ അനുവദിക്കുന്ന വ്യവസായങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു)<br>കഴിഞ്ഞ സാമ്പത്തിക വർഷം 8.33 കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം വ്യവസായങ്ങളുടെ വായ്പാ തുക എഴുതി തള്ളുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതെന്താണെന്നും ഈ സർക്കാർ വന്ന ശേഷം എന്തു തുക അതുപ്രകാരം എഴുതിത്തള്ളി എന്നും വ്യക്തമാക്കുമോ ? | (സി) | വായ്പാ തുക എഴുതിതള്ളുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല. എന്നാൽ മുൻകാലങ്ങളിൽ അനുവദിച്ച 50,000/- രൂപ (പാറ്റേൺ, സി.ബി.സി സ്കീം) വരെയുള്ള പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വായ്പാതുക എഴുതിത്തള്ളുന്നതിനായി സംസ്ഥാന സർക്കാരിന്റെ സ്കീം നിലവിലുണ്ട്. ഇത് പ്രകാരം 2.20 കോടി രൂപയുടെ വായ്പ ഇതിനകം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# ഖാദിഗ്രാമവ്യവസായ മേഖലയിൽ അപേക്ഷിക്കാവുന്ന വ്യവസായങ്ങൾ

1. ലോഹങ്ങളെ അടിസ്ഥാനമാക്കിയുള്ളവ

കളിമണ്ണ് വ്യവസായം, കുമ്മായ വ്യവസായം, കല്ലു വെട്ടൽ കല്ലുടയ്ക്കൽ, പ്ളാസ്റ്റർ ഓഫ് പാരീസ്
നിർമ്മാണം, ജൂവല്ലറി, വൈരക്കൽ നിർമ്മാണം മുതലായവ

2. കൈക്കടലാസ്- നാരു വ്യവസായം

കൈക്കടലാസ്, ചണം കയർ ഉല്പന്നങ്ങൾ, മറ്റു നാരു വ്യവസായങ്ങൾ മുതലായവ.

3. വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം

ഷെല്ലാക്ക് നിർമ്മാണം, ഈറ മുള വ്യവസായം, പേപ്പർ കപ്പ് ,പ്ളേറ്റ് ബാഗ് മുതലായ പേപ്പർ
ഉല്പന്നങ്ങൾ. എക്സർസൈസ് ബുക്ക് ബൈൻഡിംഗ്, കവർ നിർമ്മാണം, രജിസ്റ്റർ നിർമ്മാണം,
ചൂൽ നിർമ്മാണം, ആയുർവേദ ഔഷധ സസ്യങ്ങളുടെ ശേഖരണവും ഉല്പാദനവും, ഫോട്ടോ
ഫ്രെയിംമിംഗ്, തേനീച്ച വളർത്തൽ മുതലായവ.

4. ഭക്ഷ്യവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ

പയർ ധാന്യ സംസ്ക്കരണം, മസാല സംസ്ക്കരണം, നൂഡിൽസ് നിർമ്മാണം, കൈക്കുത്തരി
നിർമ്മാണം, പനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള നിർമ്മാണം, പനം ചക്കര, കരിപ്പട്ടി
നിർമ്മാണം, പഴം പച്ചക്കറി സംസ്ക്കരണം, എണ്ണയാട്ടു വ്യവസായം, കശുവണ്ടി സംസ്ക്കരണം,
കന്നു കാലി തീറ്റ കോഴിത്തീറ്റ നിർമ്മാണം മുലായവ.

5. രാസപദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം

തീപ്പെട്ടി നിർമ്മാണം, ചന്ദനത്തിരി, പടക്കം, തുകൽ ഉല്പന്ന നിർമ്മാണം, സോപ്പ് നിർമ്മാണം, റബ്ബർ
ഉല്പന്ന നിർമ്മാണം, പ്ളാസ്റ്റിക്, പിവി.സി ഉല്പന്ന നിർമ്മാണം, എല്ലു പൊടി നിർമ്മാണം,
മെഴുകുതിരി, കർപ്പൂരം, സീലിംഗ് വാക്സ് നിർമ്മാണം, ഷാംപൂ നിർമ്മാണം, ഹെമയ ഓയിൽ
നിർമ്മാണം, വിഷലിപ്തമല്ലാത്ത അലക്കു പൊടി നിർമ്മാണം തുടങ്ങിയവ

6. റൂറൽ എഞ്ചിനിയറിംഗ് ആന്റ് ബയോ ടെക്നോളജി

ആശാരിപ്പണി, കൊല്ലപ്പണി, അലൂമിനിയം ഉല്പന്ന നിർമ്മാണം, ജൈവവള നിർമ്മാണം,
ബയോഗ്യാസ് നിർമ്മാണം, പേപ്പർ പിൻ, സ്റ്റൗ പിൻ, സേഫ്റ്റി പിൻ നിർമ്മാണം, അലങ്കാര വൈദ്യുത
ബൾബുകൾ, ബോട്ടിലുകൾ, ഗ്ളാസ്സ് ,കുട നിർമ്മാണം, സൗരോർജ്ജം, കാറ്റാടി യന്ത്രങ്ങൾചെമ്പ്
പിത്തള തുടങ്ങിയവ കൊണ്ടുള്ളതും കൈ കൊണ്ടു നിമ്മിക്കുന്നതുമായ പാത്രങ്ങൾ, റേഡിയോ
നിർമ്മാണം, വിവിധ തരം ഇലക്രോണിക് ഉല്പന്നങ്ങൾ, തടി കൊണ്ടും ലോഹം കോണ്ടുമുള്ള
വീട്ടുപകരണങ്ങൾ മോട്ടോർ വൈൻഡിംഗ്, കമ്പി വല നിർമ്മാണം, ഇരുമ്പ് ഗേറ്റ് നിർമ്മാണം, കാള
വണ്ടി, കൈ വണ്ടി, ചെറിയ വള്ളങ്ങൾ, സൈക്കിൾ നിർമ്മാണം സംഗീത ഉപകരണ നിർമ്മാണം
മുതലായവ.

7. വസ്ത്ര വ്യവസായവും സേവനമേഖലയും

ഖാദി ഉൾപ്പെടെയുള്ള വസ്ത്രങ്ങളുപയോഗിച്ചുള്ള വസ്ത്രോല്പന്നങ്ങളും , റെഡിമെയ്ഡ്
നിർമ്മാണവും, കളിപ്പാട്ട നിർമ്മാണം,സർജിക്കൽ ബാൻഡേജ്, സ്റ്റൗ തിരി, കാർപ്പറ്റ് നിർമ്മാണം,
അലക്കു വ്യവസായം, ബാർബർ ഷോപ്പ്, പ്ളംബിംഗ്, ഇലക്രടിക്കൽ സർവ്വീസ്,
ഗ്രഹോപകരണങ്ങൾ, ഡീസൽ എഞ്ചിൻ, പമ്പ് എന്നിവയുടെ അറ്റകുറ്റ പണികൾ , ടയർ റീ
ട്രേഡിംഗ്, കാർഷിക ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, മൈക്ക് സിസ്റ്റം വാടകയക്ക്
കൊടുക്കൽ, ബാറ്ററി ചാർജിംഗ്, ആർട്ട് ബോർഡ് പെയിന്റിംഗ് സൈക്കിൾ റിപ്പയറിംഗ്, മേസണറി,
ബാൻഡ് ട്രൂപ്പ്, ടീ സ്റ്റാൾ, തട്ടുകട, വെജിറ്റേറിയൻ ഹോട്ടൽ, ബ്യൂട്ടി പാർലർ, അയഡൈസ്ഡ് ഉപ്പ്
മുതലായവ